# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ബിഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും. പശ്ചിമ ബംഗാളിലെ വികസന പദ്ധതികൾക്കും തുടക്കമിടും.

   **Prime Minister Narendra Modi will visit Bihar and West Bengal today. In Bihar, PM will lay the foundation stone and inaugurate multiple development projects worth around 13 thousand crore rupees at Gaya.**

2. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനായി രണ്ട് നിരീക്ഷകരെ നിയമിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്.

   **The Election Commission of India has appointed two observers for the upcoming Vice Presidential Election. The scrutiny of the nominations will take place today.**

3. ബി ജെ പി മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ കൊച്ചിയിലെത്തി. ബിജെപി സംസ്ഥാന നേതൃയോഗത്തിൽ പങ്കെടുക്കും.

   **Senior BJP leader and Union Home Minister Amit Shah has arrived in Kochi. He will attend the BJP state meeting.**

4. പ്രഥമ കേരള ഏവിയേഷൻ സമ്മിറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും.

Chief Minister Pinarayi Vijayan will inaugurate the first Kerala Aviation Summit in Kochi today.

5. ഇന്നലെ അന്തരിച്ച പീരുമേട് എം എൽ എ വാഴൂർ സോമൻറെ സംസ്കാരം ഇന്ന് ഇടുക്കിയിലെ വീട്ടുവളപ്പിൽ.

The funeral of Peermade MLA Vazhoor Soman, who passed away yesterday, will be held today at his residence premises in Idukki.

6. ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ 10 മീറ്റർ എയർ റൈഫിളിൽ ഇന്ത്യൻ പുരുഷ ടീമിന് സ്വർണ്ണം.

In Asian Shooting Championship, Indian Men's Team clinch Gold in 10 metre Air Rifle.

****************************************************

## PM – BIHAR/WB VISIT (INTRO)

ബിഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും. പശ്ചിമ ബംഗാളിലെ വികസന പദ്ധതികൾക്കും അദ്ദേഹം തുടക്കമിടും. **വിശദാംശങ്ങളിലേയ്ക്ക്........**

(വോയ്സ്)

ബിഹാറിൽ ഗംഗാ നദിയിലെ ആൻ്റ - സിമാരിയ പാലം നിർമ്മാണ പദ്ധതി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ദേശീയപാത – 31 ലെ ഭക്തിയാർപൂർ മുതൽ മൊകാമ വരെയുള്ള നാലുവരി ഭാഗത്തിന്റെ ഉദ്ഘാടനം ബക്സർ താപവൈദ്യുത നിലയം, മുസാഫർപൂരിലെ ഹോമി ഭാഭ കാൻസർ ആശുപത്രി എന്നിവയുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിക്കും. നമാമി ഗംഗയുടെ കീഴിൽ നിർമ്മിച്ച മുൻഗറിലെ സീവറേജ് ട്രീറ്റ്മെന്റ് പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിക്കും. പിഎംഎവൈ-ഗ്രാമീൺ, പിഎംഎവൈ - അർബൻ പദ്ധതി തുടങ്ങിയവയ്ക്ക് കീഴിലുള്ള ഗുണഭോക്താക്കളുടെ ഗൃഹപ്രവേശ ചടങ്ങും അദ്ദേഹം നിർവഹിക്കും. രണ്ട് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്യുന്ന ശ്രീ നരേന്ദ്ര മോദി തുടർന്ന് പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യും. പശ്ചിമബംഗാളിൽ

ഇന്ന് വൈകുന്നേരം എത്തുന്ന പ്രധാനമന്ത്രി കൊൽക്കത്തയിൽ പുതുതായി നിർമ്മിച്ച മെട്രോ ട്രെയിൻ സർവീസുകൾ ഫ്ലാഗ് ഓഫ് ചെയ്യും. ന്യൂസ് ഡസ്ക്, ആകാശവാണി.

*****************************************

## ECI-VP OBSERVER

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ രണ്ട് നിരീക്ഷകരെ നിയമിച്ചു. പഞ്ചായത്തിരാജ് മന്ത്രാലയത്തിന്റെ അഡീഷണൽ സെക്രട്ടറി സുശീൽ കുമാർ ലോഹാനി, ധനകാര്യ മന്ത്രാലയത്തിന്റെ അഡീഷണൽ സെക്രട്ടറി ഡി. ആനന്ദൻ എന്നിവരെയാണ് നിരീക്ഷകരായി നിയമിച്ചത്. ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയായി എൻഡിഎ-യുടെ സി പി രാധാകൃഷ്ണനും, I.N.D.I സഖ്യത്തിനായി സുപ്രീം കോടതി മുൻ ജഡ്ജി ബി സുദർശൻ റെഡ്ഡിയുമാണ് മത്സരിക്കുന്നത്. നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടക്കും. അടുത്ത മാസം 9 നാണ് തിരഞ്ഞെടുപ്പ്.

*****************************************

## PM – FENCH PRESIDENT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോയുമായി ടെലിഫോൺ സംഭാഷണം നടത്തി. യുക്രെൻ, പശ്ചിമേഷ്യൻ മേഖലകളിലെ സംഘർഷങ്ങൾക്ക് സമാധാനപരമായ പരിഹാരം കാണുന്നതിനുള്ള ശ്രമങ്ങളെ സംബന്ധിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. സമാധാനവും സുസ്ഥിരതയും എത്രയും വേഗം പുനസ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളെ ഇന്ത്യ പിന്തുണയ്ക്കുമെന്നും ശ്രീ നരേന്ദ്ര മോദി ആവർത്തിച്ചു.

*****************************************

## REV JAISHANKAR RUSSIA

ഇന്ത്യ- റഷ്യ ബന്ധം ഏറ്റവും ദൃഢവും സുസ്ഥിരവുമാണെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. റഷ്യൻ വിദേശകാര്യമന്ത്രി സെർജി ലാവ്‌റോവുമായി മോസ്‌കോയിൽ നടന്ന ഉഭയകക്ഷി കൂടിക്കാഴ്ചയ്ക്ക്

ശേഷം സംയുക്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭൗമരാഷ്ട്രീയ താൽപര്യങ്ങൾ, നേതൃതല സഹകരണം, പൊതുജന പിന്തുണ എന്നിവയാണ് ഈ പങ്കാളിത്തത്തിൻറെ പ്രധാന ചാലകശക്തികളെന്നും ശ്രീ.എസ്.ജയ്ശങ്കർ പറഞ്ഞു. വ്യാപാരത്തിലൂടെയും നിക്ഷേപങ്ങളിലൂടെയും ഊർജ്ജ സഹകരണം നിലനിർത്തേണ്ടത് അനിവാര്യമാണെന്നും ജയശങ്കർ ചൂണ്ടിക്കാട്ടി.

******************************************

## PM ONLINE GAMING BILL

പാർലമെന്റ് പാസാക്കിയ ഓൺലൈൻ ഗെയിമിംഗ് ബിൽ, 2025 ഇന്ത്യയെ ഗെയിമിംഗ്, നവീകരണം, സർഗ്ഗാത്മകത എന്നിവയുടെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രതിബദ്ധത എടുത്തുകാണിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇ-സ്പോർട്സും ഓൺലൈൻ സോഷ്യൽ ഗെയിമുകളും സർക്കാർ പ്രോത്സാഹിപ്പിക്കുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ അറിയിച്ചു.

******************************************

## KIRAN RIJIJU (INTRO)

പാർലമെന്റിന്റെ വർഷകാല സമ്മേളനം രാജ്യത്തിനും സർക്കാരിനും ഏറെ ഫലപ്രദമായിരുന്നു എന്ന് പാർലമെന്ററി കാര്യാ മന്ത്രി കിരൺ റിജിജു. എന്നാൽ പ്രതിപക്ഷ പ്രതിഷേധം സഭ നടപടികൾ നിരവധി തവണ തടസ്സപ്പെടുത്തിയതായി അദ്ദേഹം ന്യൂഡൽഹിയിൽ വാർത്ത സമ്മേളനത്തിൽ പറഞ്ഞു.

(വോയ്സ്)

******************************************

## SHIVRAJ SINGH CHOUHAN

രാജ്യത്തെ ഏകദേശം രണ്ട് കോടി 80 ലക്ഷം സ്ത്രീകൾ ലഖ്പതി ദീദികളായി മാറിയെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ്

ചൗഹാൻ. ന്യൂഡൽഹിയിൽ കർമ്മചാരി സങ്കൽപ് സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മൂന്ന് കോടി ലഖ്പതി ദീദികളെ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യമെന്നും ശ്രീ ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.

**************************************

## AMIT SHAH – KERALA

ബി ജെ പി മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ഇന്ന് കൊച്ചിയിൽ നടക്കുന്ന ബിജെപി സംസ്ഥാന നേതൃയോഗം ഉദ്ഘാടനം ചെയ്യും. രാവിലെ പാലാരിവട്ടത്ത് റെനൈ കൊച്ചിയിൽ നടക്കുന്ന യോഗത്തിൽ ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ അധ്യക്ഷത വഹിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൻറെ മുന്നൊരുക്കങ്ങൾ യോഗം ചർച്ച ചെയ്യും. കേരള സന്ദർശനത്തിന് ശേഷം ശ്രീ അമിത് ഷാ ഇന്ന് തമിഴ്നാട്ടിലെത്തും. തിരുനെൽവേലിയിൽ നടക്കുന്ന ബി ജെ പി ബൂത്ത് കമ്മിറ്റി യോഗത്തിൽ അദ്ദേഹം പങ്കെടുക്കും.

**************************************

## RAILWAYS GANPATI SPECIAL

ഉത്സവകാലത്ത് ഭക്തർക്കും യാത്രക്കാർക്കും സുഖകരവുമായ യാത്ര ഉറപ്പാക്കുന്നതിന് ഇന്ത്യൻ റെയിൽവേ 380 - ഗണപതി സ്പെഷ്യൽ ട്രെയിൻ സർവ്വീസുകൾ പ്രഖ്യാപിച്ചു. ഈ മാസം 11 മുതൽ സ്പെഷ്യൽ ട്രെയിനുകൾ ഓടിത്തുടങ്ങി. 27 മുതൽ സെപ്റ്റംബർ 6 വരെയാണ് ഗണപതി പൂജ ആഘോഷം.

**************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും........

(ബ്രേക്ക്)

*****************************************

## KERALA AVIATION SUMMIT

പ്രഥമ കേരള ഏവിയേഷൻ സമ്മിറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും. ഫിക്കിയും കൊച്ചി വിമാനത്താവളവും സംയുക്തമായിയാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. അതിവേഗം വളരുന്ന വ്യോമയാന മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, നവീകരണം പരിപോഷിപ്പിക്കുക തുടങ്ങിയവയാണ് പരിപാടിയുടെ ലക്ഷ്യം.

*****************************************

## VAZHOOR SOMAN

പീരുമേട് എം എൽ എ വാഴൂർ സോമൻറെ സംസ്കാരം ഇന്ന് വൈകിട്ട് നാലിന് വാളാർഡിയിലെ വീട്ടുവളപ്പിൽ നടക്കും. വണ്ടിപ്പെരിയാർ ടൗൺഹാളിൽ ഇന്ന് രാവിലെ മൃതദേഹം പൊതുദർശനത്തിന് വയ്ക്കും. ഇന്നലെ തിരുവനന്തപുരത്ത് നടന്ന പരിപാടിയിൽ പങ്കെടുക്കുന്നതിനിടെ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട അദ്ദേഹത്തെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. വാഴൂർ സോമൻറെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചിച്ചു.

*****************************************

## MANSUKH MANDAVIYA

രാജ്യത്തെ എല്ലാ ജനങ്ങളും ദേശീയ കായിക ദിനമായ ഈ മാസം 29 ന് ഒരു മണിക്കൂർ സമയം ശാരീരിക ക്ഷമതയ്ക്കായി മാറ്റിവെക്കണമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. ഹോക്കി ഇതിഹാസം മേജർ ധ്യാൻ ചന്ദിന്റെ ജന്മ വാർഷികമാണ് രാജ്യമെമ്പാടും കായിക ദിനമായ ആചരിക്കുന്നത്. ഈ വർഷത്തെ ദിനാചരണത്തിന് ഫിറ്റ് ഇന്ത്യ മിഷൻ നേതൃത്വം നൽകുമെന്നും ശ്രീ മൻസുഖ് മാണ്ഡവ്യ അറിയിച്ചു.

****************************************************

## ASIAN SHOOTING CHAMPIONSHIPS

കസാക്കിസ്ഥാനിൽ നടക്കുന്ന ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ 10 മീറ്റർ എയർ റൈഫിളിൽ ഇന്ത്യയുടെ അർജുൻ ബാബുത, രുദ്രാങ്ക്ഷ് പാട്ടീൽ, കിരൺ ജാദവ് എന്നിവരടങ്ങുന്ന ടീം സ്വർണ്ണം നേടി. ചൈനീസ് ടീമിനെയാണ് പരാജയപ്പെടുത്തിയത്. വനിതാ ജൂനിയർ സ്കീറ്റ് മത്സരത്തിൽ ഇന്ത്യയ്ക്കായി മാൻസി രഘുവംശി സ്വർണ്ണ മെഡലും യശസ്വി റാത്തോഡ് വെങ്കലവും നേടി.

****************************************************

## SEAPLANE- LAKSHADWEEP.. (INTRO)

കൊച്ചിയിൽ നിന്നും ലക്ഷദ്വീപിലേക്ക് സീപ്ലെയിൻ സർവീസുകൾ യാഥാർത്ഥ്യമാകുന്നു. പദ്ധതി ദ്രുതഗതിയിൽ പുരോഗമിക്കുന്നതായി കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് അധികൃതർ അറിയിച്ചു. വിശദാംശങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾ സലാം.......

(വോയ്സ്)

****************************************************

## IDSFFK INAUGURATION

17-ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി, ഹ്രസ്വചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരി തെളിയും. കൈരളി തിയേറ്ററിൽ വൈകുന്നേരം നടക്കുന്ന ചടങ്ങിൽ മന്ത്രി സജി ചെറിയാൻ മേള ഉദ്ഘാടനം ചെയ്യും. 'ഫ്രം ഗ്രൗണ്ട് സീറോ' യാണ് ഉദ്ഘാടന ചിത്രം. ഈ മാസം 27 വരെ നടക്കുന്ന മേളയിൽ മുന്നൂറോളം ചിത്രങ്ങൾ പ്രദർശിപ്പിക്കും.

****************************************************

## WEST BENGAL DISCIPLINARY ACTION

വോട്ടർ പട്ടികയിൽ ക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ അഞ്ച് ഉദ്യോഗസ്ഥർക്കെതിരെ പശ്ചിമ ബംഗാൾ സർക്കാർ അച്ചടക്ക നടപടി സ്വീകരിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപടി. താൽക്കാലിക ജീവനക്കാരനെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**************************************************

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

**************************************************

## COAL-AUCTION

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കൽക്കരി ഇറക്കുമതി ഒമ്പത് ശതമാനം കുറഞ്ഞതായി കേന്ദ്രമന്ത്രി ജി. കിഷൻ റെഡ്ഡി. ന്യൂഡൽഹിയിൽ വാണിജ്യ കൽക്കരി ഖനി ലേലം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ വർദ്ധിച്ചു വരുന്ന ഊർജ്ജ ആവശ്യങ്ങൾക്കൊപ്പം കൽക്കരി ആവശ്യകതയും വർദ്ധിച്ചുവരികയാണെന്ന് ശ്രീ റെഡ്ഡി പറഞ്ഞു. വാണിജ്യ ഖനന സംരംഭം കൂടുതൽ സ്വകാര്യ പങ്കാളിത്തത്തിനുള്ള അവസരങ്ങൾ തുറക്കുമെന്നും ശ്രീ ജി. കിഷൻ റെഡ്ഡി അറിയിച്ചു.

***************************************************************************************************************